ബൈബിൾ – ഖുർആൻ: ഒരു താരതമ്യപഠനം–15

# സാബ്വത്ത് ആചരണം

● ഇ.സി സൈമൺ മാസ്റ്റർ

**മൂസാനബിയുടെ** കാലം മുതൽ ഇസ്രായേൽക്കാർക്ക് നിർബന്ധമായിരുന്നു സാബ്വത്ത് ആചരണം. ദൈവം പ്രപഞ്ചസൃഷ്ടി ആറുദിവസംകൊണ്ട് പൂർത്തിയാക്കിയെന്നും ഏഴാം ദിവസം വിശ്രമിച്ചു എന്നുമുള്ള ബൈബിൾ പ്രസ്താവനയാണ് സാബ്വത്തിന്റെ അടിസ്ഥാനം. ജോലിയിൽനിന്ന് വിട്ടുനിൽക്കുക എന്നാണ് ആ വാക്കിന്റെ അർഥം. സാബ്വത്ത് ആചരിക്കണമെന്നത് ഇസ്രായേൽക്കാരെ സംബന്ധിച്ച് കർക്കശമായ ഒരു മതകൽപനയായിരുന്നു. മരണ ശിക്ഷ അർഹിക്കുന്നതായിരുന്നു സാബ്വത്ത് ലംഘിക്കുക എന്ന കുറ്റം. യേശുവും അതിനുമുമ്പുള്ള പ്രവാചകന്മാരും ശനിയാഴ്ച സാബ്വത്ത് ദിനമായി ആചരിച്ചുവന്നതായി ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇസ്രായേൽക്കാർ ആരും അന്ന് യാതൊരുവിധ ജോലിയും ചെയ്തുപോകരുതെന്ന നിരോധനം കർശനമായി പാലിക്കപ്പെടേണ്ടിയിരുന്നതിനാൽ അതിന്റെ അന്തസ്സത്ത മറന്ന് കേവലം ഒരു ചടങ്ങുമാത്രമായി അവർ അതിനെ തരംതാഴ്ത്തിയപ്പോൾ അല്ലാഹു അവർക്കത് ഒരു പരീക്ഷണമാക്കി മാറ്റിയതായി ഖുർആൻ പറയുന്നു. സാബ്വത്ത് ദിനത്തിൽ മത്സ്യങ്ങൾ വെള്ളത്തിൽ തലപൊക്കി സഞ്ചരിക്കുന്നതും മറ്റു ദിവസങ്ങളിൽ അവയെ കാണാതിരിക്കുന്നതും അവരെ വിഷമത്തിലാക്കി. നിയമം ലംഘിച്ച് മത്സ്യം പിടിക്കാനും അങ്ങനെ ശിക്ഷാർഹരാകാനും കാരണമായ ആ സംഭവത്തെപ്പറ്റി ഖുർആൻ ഇങ്ങനെ പറയുന്നു:

“സമുദ്രതീരത്ത് സ്ഥിതിചെയ്തിരുന്ന ആ പട്ടണത്തെപ്പറ്റി നീ ഇവരോടൊന്ന് ചോദിച്ചുനോക്കൂ. സാബ്വത്ത് ദിനാചരണത്തിൽ അവർ അതിക്രമം കാണിച്ചകാര്യം, സാബ്വത്ത് ദിനത്തിൽ അവർക്കാവശ്യമായ മത്സ്യങ്ങൾ ജലപ്പരപ്പിൽ അവരുടെയടുത്ത് കൂട്ടമായി വന്നതും സാബ്വത്ത് ആചരിക്കേണ്ടാത്ത ദിനങ്ങളിൽ അവ അവരുടെ അടുത്ത് വരാതിരുന്നതുമായ കാര്യം. അവർ അധർമം പ്രവർത്തിച്ചിരുന്നതിനാൽ നാം അവരെ അവ്വിധം പരീക്ഷിക്കുകയായിരുന്നു” (7:163).

അല്ലാഹുവിന്റെ അംഗീകാരമുള്ള മതകൽപനയായിരുന്നു സാബ്വത്ത് എന്ന് ഈ ഖുർആൻ സൂക്തം വ്യക്തമാക്കുന്നു.

എന്നാൽ ഇതിൽനിന്ന് വ്യത്യസ്തമാണ് ഞായറാഴ്ചയാചരണത്തിന്റെ കാര്യം. യേശുവിന്റെ കാലം കഴിഞ്ഞ് വളരെ വർഷങ്ങൾക്കു ശേഷമാണ് അദ്ദേഹത്തിന്റെ ശിഷ്യന്മാർ ശനിയാഴ്ച സാബ്വത്ത് ഉപേക്ഷിച്ച് ഞായറാഴ്ചയിലേക്കു തിരിഞ്ഞത്. സൂര്യനെയും സൂര്യദേവനെയും ആരാധിച്ചിരുന്ന ബഹുദൈവ വിശ്വാസികളുടെ പ്രാചീന ആചാരം യേശുവിന്റെ പേരിൽ പുനരാശ്ലേഷിക്കുകയായിരുന്നു അവർ. ഇതല്ലാതെ അതിന് ബൈബിളുമായോ പ്രവാചകന്മാരുമായോ ബന്ധമൊന്നുമില്ല.

അതുകൊണ്ടുതന്നെ ഞായറാഴ്ചയുടെ പ്രാധാന്യത്തെപ്പറ്റിയോ അതു പ്രാർഥനാ ദിനമായി ആചരിക്കുന്നതിനെപ്പറ്റിയോ ബൈബിൾ ഒന്നും പറഞ്ഞിട്ടില്ല. എന്നാൽ ശനിയാഴ്ചകളിൽ സാബത്ത് ആചരണത്തിന്റെ ഭാഗമായി യേശു പള്ളിയിൽ പോയിരുന്നത് ബൈബിൾ എടുത്തു പറയുന്നുണ്ട്. ഞായറാഴ്ചക്ക് യേശുവിന്റെ മാതൃകയോ അംഗീകാരമോ ഇല്ലെന്നാണിതിനർഥം. സഭകൾ പിൽക്കാലത്ത് സ്വീകരിച്ചതാണ് ഞായറാഴ്ചയാചരണം എന്നതാകുന്നു വാസ്തവം.

അല്ലാഹുവിന്റെ കൽപനപ്രകാരം മുസ്‌ലിംകൾക്ക് നിർബന്ധമാക്കപ്പെട്ടതാണ് വെള്ളിയാഴ്ചയിലെ ജുമുഅ നമസ്കാരം. യാതൊരു സംശയത്തിനും ഇടയില്ലാത്തവിധം വ്യക്തമായി ഖുർആൻ രേഖപ്പെടുത്തിയിട്ടുണ്ട് അക്കാര്യം:

“വിശ്വസിച്ചവരേ, വെള്ളിയാഴ്ച ദിവസം നമസ്കാരത്തിന് വിളിക്കപ്പെട്ടാൽ ദൈവസ്മരണയിലേക്ക് തിടുക്കത്തോടെ ചെന്നെത്തുക. കച്ചവടകാര്യങ്ങളൊക്കെ മാറ്റിവെക്കുക. അതാണ് നിങ്ങൾക്ക് ഉത്തമം. നിങ്ങൾ അറിയുന്നവരെങ്കിൽ!

പിന്നെ നമസ്കാരത്തിൽനിന്ന് വിരമിച്ചുകഴിഞ്ഞാൽ ഭൂമിയിൽ പരക്കുക. അല്ലാഹുവിന്റെ അനുഗ്രഹം തേടുകയും അല്ലാഹുവെ ധാരാളമായി സ്മരിക്കുകയും ചെയ്യുക, നിങ്ങൾ വിജയം വരിച്ചേക്കാം.

വല്ല വ്യാപാര കാര്യമോ വിനോദവൃത്തിയോ കണ്ടാൽ നിന്നെ നിൽപിൽവിട്ട് അവർ അങ്ങോട്ട് തിരിയുന്നുവല്ലോ. പറയുക: അല്ലാഹുവിന്റെ പക്കലുള്ളത് വിനോദത്തേക്കാളും വ്യാപാരത്തെക്കാളും വിശിഷ്ടമാകുന്നു. വിഭവദാതാക്കളിൽ അത്യുത്തമൻ അല്ലാഹുതന്നെ” (62: 9–11).

മുസ്‌ലിംകൾ അവരുടെ പ്രാർഥനാ നമസ്കാരങ്ങൾക്കും വിശേഷദിനാചരണങ്ങൾക്കും നബിയെയും ഖുർആനെയും അവലംബമാക്കുമ്പോൾ ക്രൈസ്തവരുടെ ആരാധനാക്രമങ്ങൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും യേശുവിന്റെയോ ബൈബിളിന്റെയോ പിൻബലമില്ലെന്നുള്ളത് ഒരു വലിയ കുറവായേ കാണാനാകഴിയൂ.

കുരിശുമരണത്തിനുമുമ്പ് അല്ലാഹുവിന്റെ അടുക്കലേക്ക് എടുക്കപ്പെട്ട യേശു ഇനി എല്ലാവരുടെയും അന്തിമവിധിദിനത്തിനും പുനരുത്ഥാനത്തിനും

മുമ്പായി വീണ്ടും ഭൂമിയിലേക്കു വരുമെന്നും അന്ന് ഭൂമിയിൽ ഇസ്‌ലാമിക നീതി നടപ്പാക്കുമെന്നും അത് മനുഷ്യ വർഗത്തിന് ഒരു ദൃഷ്ടാന്തമായിരിക്കുമെന്നുമാണ് മുസ്‌ലിം വിശ്വാസം. അതിനെപ്പറ്റി ഖുർആനിൽ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു:

"സംശയമില്ല; അദ്ദേഹം(ഈസാനബി) അന്ത്യ സമയത്തിനുള്ള ഒരറിയിപ്പാണ്. നിങ്ങളതിലൊട്ടും സംശയിക്കരുത്. നിങ്ങളെന്നെ പിൻപറ്റുക. ഇതുതന്നെയാണ് നേർവഴി" (43:61).

ബൈബിളിലുമുണ്ട് അതിനെപ്പറ്റി ചില സൂചനകൾ:

"അക്കാലത്തെ പീഡനങ്ങൾക്കു ശേഷം പൊടുന്നനെ സൂര്യൻ ഇരുണ്ടു പോകും. ചന്ദ്രൻ പ്രകാശം തരുകയില്ല. നക്ഷത്രങ്ങൾ ആകാശത്തിൽനിന്നു നിപതിക്കും. ആകാശശക്തികൾ ഇളകുകയും ചെയ്യും. അപ്പോൾ ആകാശത്തിൽ മനുഷ്യപുത്രന്റെ (യേശുവിന്റെ) അടയാളം പ്രത്യക്ഷപ്പെടും. ഭൂമിയിലെ സർവഗോത്രങ്ങളും വിലപിക്കുകയും മനുഷ്യപുത്രൻ വാനമേഘങ്ങളിൽ ശക്തിയോടും മഹത്വത്തോടും കൂടെ വരുന്നതു കാണുകയും ചെയ്യും. വലിയ കാഹളധ്വനിയോടുകൂടെ തന്റെ ദൂതന്മാരെ അവൻ അയക്കും. അവർ ആകാശത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ നാലുദിക്കിലുംനിന്ന് ഒരുമിച്ചുകൂട്ടും" (മത്തായി: 21:31).

യേശുവിന്റെ ഭരണത്തിൽ ഏറ്റവും കൂടുതൽ ശിക്ഷിക്കപ്പെടുന്നവരെക്കുറിച്ച് ബൈബിൾ സൂചിപ്പിക്കുന്നു:

"കർത്താവേ, കർത്താവേ എന്ന് എന്നോടു വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗരാജ്യത്തിൽ പ്രവേശിക്കുക. അന്തിമ വിധിദിവസം പലരും എന്നോട് ചോദിക്കും: കർത്താവേ, കർത്താവേ ഞങ്ങൾ നിന്റെ നാമത്തിൽ പ്രവചിക്കുകയും നിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കുകയും നിന്റെ നാമത്തിൽ നിരവധി അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തില്ലേ? അപ്പോൾ ഞാൻ അവരോടു പറയും: നിങ്ങളെ ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല; അനീതി പ്രവർത്തിക്കുന്നവരേ, നിങ്ങൾ എന്നിൽനിന്ന് അകന്നുപോകുവിൻ" (മത്തായി: 7:21-23).

യേശുവിനെ കർത്താവെന്ന് വിളിക്കുകയും ആ നാമത്തിൽ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ചെയ്തവർ ഈവിധം ആട്ടിയോടിക്കപ്പെട്ടു. കാരണം, കുരിശാരാധകരായിരുന്നല്ലോ അവർ. പാപമോചനത്തിനെന്ന പേരിൽ നിത്യവും സാങ്കൽപികമായി അവനെ കുരിശിലേറ്റി ബലിയർപ്പിച്ച് മാംസരക്തങ്ങൾ ഭക്ഷണമാക്കിയതും അവരല്ലോ. അടിയുറച്ച ഏകദൈവവിശ്വാസിയും ആ ദൈവത്തിന്റെ പ്രവാചകനുമായിരുന്ന അദ്ദേഹത്തെ അല്ലാഹുവിന്റെ പുത്രനാക്കിയതും അല്ലാഹുവിനൊപ്പമാക്കിയതും അല്ലാഹുവാക്കിയതും അവർ തന്നെയല്ലോ. ഇതിനപ്പുറം ഒരു മഹാപാതകം അവരെന്തിനി ചെയ്യാനിരിക്കുന്നു! അല്ലാഹു പരമകാരുണികനും ക്ഷമാശീലനും ആയിരുന്നില്ലെങ്കിൽ ഭൂമി എന്നേ പിളർന്ന് ഇവരെ വിഴുങ്ങുമായിരുന്നു! പർവതങ്ങൾ പൊട്ടിത്തകർന്ന് തരിപ്പണമാകുമായിരുന്നു!

അല്ലാഹുവിൽ പങ്കുചേർക്കുന്നതൊഴിച്ച് മറ്റെല്ലാ പാപങ്ങളും അല്ലാഹു അവനിഛിക്കുന്നവർക്ക് പൊറുത്തുകൊടുക്കുമെന്നാണ് ഖുർആൻ വചനം.

"തന്നിൽ ആരെയും പങ്കുചേർക്കുന്നത് അല്ലാഹു പൊറുക്കുകയില്ല. അതൊഴിച്ചുള്ളവയൊക്കെ താനിഛിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കും. അല്ലാഹുവിൽ പങ്കുചേർക്കുന്നവൻ വഴികേടിൽ ഒരുപാട് ദൂരം പിന്നിട്ടിരിക്കുന്നു" (4:116).

(തുടരും)